# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നം: 1116

30-09-2016- ൽ
മറുപടിയ്ക്ക്

**നൂനപക്ഷ ക്ഷേമ വകുപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാജു എബ്രഹാം | | ശ്രീ. കെ.ടി. ജലീൽ<br>(തദ്ദേശസ്വയംഭരണവും നൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തെ ന്യൂനപക്ഷ ക്ഷേമ വകുപ്പ് എന്നാണ് രൂപീകരിച്ചത്; വകുപ്പിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തൊക്കെയാണ്; ന്യൂനപക്ഷ ക്ഷേമ വകുപ്പ് വഴി നടപ്പാക്കുന്ന വിവിധ പദ്ധതികൾ എന്തൊക്കെയാണ്; ഓരോ പദ്ധതിയുടെയും വിശദാംശങ്ങളും അപേക്ഷകൾക്കുള്ള മാതൃകയും ലഭ്യമാക്കാമോ? | (എ) | 01-01-2011-ലെ സ.ഉ(പി) നം. 2/2011/പൊ.ഭ.വ. പ്രകാരം ന്യൂനപക്ഷ ക്ഷേമ വകുപ്പ് രൂപീകൃതമായി. കേരളത്തിലെ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട ജനവിഭാഗങ്ങളുടെ സാമൂഹിക- സാമ്പത്തിക-വിദ്യാഭ്യാസ മേഖലകളിലെ സമഗ്രമായ ഉന്നമനത്തിനു വേണ്ടിയുള്ള ക്ഷേമ പ്രവർത്തനങ്ങളും, അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളുമാണ് വകുപ്പ് മുഖാന്തിരം നടപ്പിലാക്കി വരുന്നത്. ന്യൂനപക്ഷ വിഭാഗങ്ങളുടെ സാമൂഹിക-സാമ്പത്തിക-വിദ്യാഭ്യാസപിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നടത്തുന്ന ന്യൂനപക്ഷ ക്ഷേമ പ്രവർത്തനങ്ങളുടെ ഏകോപനവും, മേൽനോട്ടവും ന്യൂനപക്ഷ വിഭാഗങ്ങളുടെ ശാക്തീകരണ പ്രവർത്തനങ്ങളും പദ്ധതികളും ഏറ്റെടുത്ത് നടപ്പിലാക്കുകയുമാണ് വകുപ്പിന്റെ പ്രധാന ചുമതല / ലക്ഷ്യം. വകുപ്പിന്റെ പദ്ധതികളെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ